# St. Thomas Syro Malabar Catholic Diocese of Chicago

372 S. Prairie Avenue
Elmhurst, Illinois 60126-4020
Phone: 630-279-1386/630-279-1383/630-279-1334 Fax: 630-279-1479
email: bishop@syromail.com / www.stthomasdiocese.org

**Pastoral Letter No: 36/2022**

*By the grace of God, Mar Jacob Angadiath, the Bishop of St. Thomas Syro-Malabar Catholic Diocese of Chicago, send this greetings and thanking message to all the priests, religious men and women and beloved people of God living in USA.*

Dear Rev. Fathers, Rev. Sisters, dear Brothers and Sisters in the Lord,

Glory to God in the highest. Amen.

And Mary said:

"My soul proclaims the greatness of the Lord, my spirit rejoices in God my Saviour.....The Mighty One has done great things for me, and Holy is his name. His mercy is from age to age to those who fear him." Luke 1: 46-50.

I am really pleased to address all of you once again, to appreciate you all and to express my deep gratitude to God, to the Church and to all of you as I am getting ready for my formal retirement from the episcopal ministry. Our Holy Father, Pope Francis has accepted my resignation and appointed Mar Joy Alappatt as my successor, the second bishop of St. Thomas Syro-Malabar Catholic Diocese of Chicago. The installation ceremony of Bishop Joy Alappatt will take place on October 1, 2022, Saturday and thereby I will become 'Bishop Emeritus'. Let us welcome Bishop Joy Alappatt as the Father and Head of our Diocese and give him all love and support and pray for his successful episcopal ministry.

A lot of memories come to my mind. St. Thomas Syro-Malabar Catholic Diocese of Chicago was established on March 13, 2001, by His Holiness Pope John Paul II, now a saint of the Church. I was appointed as its first Bishop. In my appointment, I was given double roles: Bishop of all Syro-Malabar people in USA and Apostolic Visitator for the Syro-Malabar faithful in Canada. My episcopal ordination and inauguration of the newly

formed, first Syro Malabar diocese outside India, were held in Chicago on July 1, 2001. I gratefully remember the special dignitaries of that memorable event, His Beatitude, Mar Varkey Cardinal Vithaythil, the Major Archbishop of Syro-Malabar Church, His Eminence Francis Cardinal George, Archbishop of Chicago, and His Excellency Most Rev. Gabriel Montalvo the Apostolic Nuncio to USA. Rev. Fr. Philip Thodukayil, the Director of Knanaya Catholic Mission of Chicago was the priest to help me arrange everything.

It was a humble beginning with two parishes, in Chicago and Dallas and five Syro-Malabar Missions and four Knanaya Catholic Missions. Where to start was a real concern for me. A small Curia was formed; Rev. Dr. George Madathiparambil, Vicar General, Rev. Fr. Abraham Mutholath Jacob, Vicar General from Knanaya community, Rev. Fr. Antony Thundathil MST, the Procurator and Cathedral Vicar and Rev. Fr. Zacharias Thottuvelil, Chancellor and Secretary to the Bishop. It was very hard to find out financial resources. The priests who were celebrating Syro-Malabar Qurbana occasionally in different cities were contacted and such small groups were designated as Syro-Malabar Missions.

All of a sudden since September 2001, I had become a victim of dizziness and frequent falling. I had to go through all kinds of medical tests and treatments for a few years and finally it was controlled by neurosurgery in 2006 in Chicago. I am truly thankful to all those who prayed for me. Thank to the Lord for what I am. Praise the Lord!

I am grateful to all our Archbishops and Bishops in Kerala for sending their priests to serve in this diocese. I am greatly obliged to the provincial superiors of various Religious Congregations of men for helping me with their priests. I could not sponsor Religious Sisters since we didn't have any school or hospital to employ them. Later, only to three congregations, I had given sponsorship for their sisters.

The whole credit for the growth of our diocese I attribute to the hard work of our Priests, zealous prayers of Rev. Sisters, and the generous support of our community. The Curia members, Vicars of our parishes, and Directors of various missions-all of them deserve our special appreciation and recognition. The services of Rev. Sisters, wherever they were available, are really much appreciated. Syro-Malabar faithful of America welcomed the call of the Lord to support the cause of our Church: their zeal for the Church, their

readiness to work for the Church, their good will to make generous financial contributions for the Church, their sense of sacrifice in promoting our faith formation programs, their interest in providing priestly and religious vocations from our families- these are only a few of their areas of commitment. All ladies and gentlemen were always ready to help in any kind of voluntary works in our missions and parishes. Their untiring spirit is to be praised and acknowledged. Dear Rev. Fathers, Rev. Sisters, ladies and gentlemen, my heartfelt thanks to you and my humble prayers for you: May the Lord bless you.

My dear children and young people, I love you very much. You are not only the future Church, but you are the Church. Only when the children are there, the church is full everywhere. Whether there is catechism or not, let us make it a point to attend our church. Please don't think that your obligation to attend our church is only up to the 12th grade catechism graduation. Parents, please, I urge you to attend our church every Sunday and thus let us help our college students and young adults to get to our church. Children, you are the flowers of our families; bloom in beautiful colors and let the Lord be proud of your discipline and prayer life.

All our organizations and associations; Syro-Malabar Catholic Congress, St. Vincent De Paul Society, Diocesan Youth Apostolate, Syro Malabar Youth Movement, Jesus Youth, Little Flower Mission League, Mothers' Association, Ladies Forum, Prolife Movement, Pre-Cana training, Nurses' Ministry, *Pithruvedi*, Seniors Forum, Office of Vocations and Formation, Office of the Protection of the Children and Youth... deserve special recognition. Special thanks and appreciation for our Vicar Generals; Dr. George Madathiparambil, Fr. Abraham Mutholath. Dr. Antony Thundathal MST, Dr. Augustine Palackaparambil, Bishop Joy Alappatt, Fr. Thomas Mulavanal, and Fr. Thomas Kadukappillil. Also, I am grateful to all our Eparchial Procurators and Chancellors, Directors of the Eparchial Pastoral Departments, Eparchial Consultors, Forane Vicars, Finance Council members, Pastoral Council Secretaries and members, Sunday school Principals and Catechists, Parish *Kaikarns* and Parish Council Members, Safe Environment Coordinators, and all volunteers for all events in all parishes and missions and all family members everywhere.

It is interesting to know, where are we now? There are 50 parishes and 34 Missions all around the country. 68 priests are working in our Eparchy. 6 young priests have been

ordained here. There are 9500 Sunday School students and 2450 catechists and 85000 faithful in our Eparchy. Our Cathedral church, Bishop's House, Office Building and newly built Annex are our assets in the growth of our diocese. We were working together for the growth of our community.

As I mentioned, in 2001, I was also appointed as the Apostolic Visitator to Canada for our Syro-Malabar faithful. Two parishes in Toronto/Mississauga area and a few missions were established in my time. In 2015, an exarchate was established, and Fr. Jose Kalluvelil was consecrated as its bishop; Mississauga is the city named for our exarchate and later for diocese. In 2019 it was elevated to be a diocese or eparchy. Now the Syro Malabar Church in Canada is flourishing under the leadership of Mar Jose Kalluvelil.

This is the time of Eucharistic Revival in USA. Let us grow in our relationship with Jesus in the Holy Eucharist; Liturgical Catechism is to be promoted with all earnestness since the Holy Qurbana and other liturgical observances and celebrations are being our primary means of worship. I have been always emphasizing our deep relationship with Jesus in the celebration of Holy Qurbana; this is the unifying element for the growth of our diocese.

Jesus talks to us through the Bible and this is the great book of learning and sharing from the living person of Jesus. He is nourishing us through the Holy Communion. He is strengthening us though the Sacraments. The only commandment Jesus has given to us is this: "Love one another as I have loved you". (John 3:34) This charity builds our Church and bears good fruits of vocations to family life, religious life and the priesthood. I am really thankful to the Holy Father Pope Francis, the Congregation for the Eastern Churches, with Leonardo Cardinal Sandri, the Prefect, His Beatitude Mar George Cardinal Alencherry father and head of our Syro-Malabar Church, the USCCB, all American Bishops, Latin and Eastern Rites, and bishop Mar Joy Alappatt, for being the Auxiliary bishop.

As you know on October 1, 2022, Mar Joy Alappatt will be installed as the second bishop of our diocese. Let us welcome him and support him with all our means. As he becomes the father and head of our diocese, let his name be remembered in all our liturgical prayers; Holy Qurbana and Liturgy of the Hours. As I become the Bishop Emeritus, keep me in your daily prayers.

As I am retiring from the episcopal ministry, please forgive me for any ill-feeling I have caused in our relationship with anyone in any of my dealings and please remember me in your prayers as I will keep you in mine.

Once again dear friends, thanks, and prayerful greetings to one and all. May the Lord bless you through the special intercession of Mother Mary, St. Joseph, St. Thomas the Apostle, and all Saints and Blesseds of our Syro-Malabar Church.

May the grace of Our Lord Jesus Christ, love of God the father and the fellowship of Holy Spirit be with you all, now always and forever. Amen

Mar Jacob Angadiath
Bishop

September 22, 2022

ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO
CHANCERY OFFICE

This Pastoral letter is to be read out during the Holy Qurbana on September 25, 2022 in all our parishes and missions.

St. Thomas Syro Malabar Catholic Diocese of Chicago

372 S. Prairie Avenue
Elmhurst, Illinois 60126-4020
Phone: 630-279-1386/630-279-1383/630-279-1334 Fax: 630-279-1479
email: bishop@syromail.com / www.stthomasdiocese.org

**ഇടയലേഖനം**
**No: 36/2022**

ചിക്കാഗോ സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ മെത്രാനായ മാർ ജേക്കബ് അങ്ങാടിയത്ത് ഈ രൂപതയിലെ ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും, അല്മായ സഹോദരങ്ങൾക്കും എഴുതുന്നത്.

അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി, ആമേൻ.

മറിയം പറഞ്ഞു: "എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും. ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു, അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും" ലൂക്ക 1:46-50.

എപ്പിസ്കോപ്പൽ ശുശ്രൂഷയിൽ നിന്നും ഔപചാരികമായി വിരമിക്കാൻ ഒരുങ്ങുന്ന എനിക്ക് നിങ്ങളെ ഒരിക്കൽ കൂടി അഭിസംബോധന ചെയ്യാനും നിങ്ങളെയെല്ലാം അഭിനന്ദിക്കാനും ദൈവത്തോടും സഭയോടും നിങ്ങളെല്ലാവരോടുമുള്ള കൃതജ്ഞത അറിയിക്കാനും കഴിയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ പരിശുദ്ധ പിതാവ്, ഫ്രാൻസീസ് മാർപാപ്പ എന്റെ രാജി സ്വീകരിക്കുകയും ചിക്കാഗോയിലെ സെന്റ് തോമസ് സീറോ-മലബാർ കത്തോലിക്കാ രൂപതയിലെ രണ്ടാമത്തെ ബിഷപ്പായി മാർ ജോയി ആലപ്പാട്ടിനെ പിൻഗാമിയായി നിയമിക്കുകയും ചെയ്തു. ബിഷപ്പ് ജോയി ആലപ്പാട്ടിന്റെ സ്ഥാനാരോഹണ ശുശ്രൂഷ 2022 ഒക്ടോബർ 1, ശനിയാഴ്ച നടക്കുകയാണല്ലോ. അതേതുടർന്ന് ഞാൻ 'ബിഷപ്പ് എമിരിറ്റസ്' (Bishop Emeritus) ആയി മാറും. നമ്മുടെ രൂപതയുടെ തലവനും പിതാവുമായി ബിഷപ്പ് ജോയി ആലപ്പാട്ടിനെ നമുക്ക് സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും അദ്ദേഹത്തിന് എല്ലാ സ്നേഹവും പിന്തുണയും നൽകുകയും അദ്ദേഹത്തിന്റെ വിജയകരമായ എപ്പിസ്കോപ്പൽ ശുശ്രൂഷയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

ഏറെ ഓർമ്മകൾ എന്റെ മനസിലേക്കു കടന്നുവരുന്നു. ഇപ്പോൾ സഭയിലെ വിശുദ്ധനായ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് 2001, മാർച്ച് 13 ന് ചിക്കാഗോയിലെ സെന്റ് തോമസ് സീറോ-മലബാർ കത്തോലിക്കാ രൂപത രൂപീകരിച്ചത്. എന്നെ പ്രഥമ മെത്രാനായും നിയമിച്ചു. എനിക്കു രണ്ടു ചുമതലകളാണ് നല്കിയിരുന്നത്: യുഎസ്എയിലെ എല്ലാ സീറോ-മലബാർ ജനങ്ങളുടെയും മെത്രാനായും കാനഡയിലെ സീറോ മലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായും. ഇന്ത്യയ്ക്കു പുറത്ത് പുതുതായി രൂപീകരിച്ച ആദ്യ സീറോ മലബാർ രൂപതയുടെ ഉദ്ഘാടനവും എന്റെ മെത്രാഭിഷേക ശുശ്രൂഷയും ചിക്കാഗോയിൽ 2001 ജൂലൈ ഒന്നിനാണ് നടന്നത്.

അവിസ്മരണീയമായ ആ ചടങ്ങിൽ പങ്കെടുത്ത വിശിഷ്ടാതിഥികളെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു, സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, ചിക്കാഗോ ആർച്ച് ബിഷപ്പ് ശ്രേഷ്ഠനായ കർദ്ദിനാൾ ഫ്രാൻസിസ് ജോർജ്, യുഎസ്എയിലെ അപ്പസ്തോലിക നൂൺഷ്യോ അഭിവന്ദ്യ ഗബ്രിയേൽ മൊണ്ടാലോ (Most Rev. Gabriel Montalvo). എല്ലാ ഒരുക്കങ്ങളും നടത്താൻ എന്നെ സഹായിക്കാനുണ്ടായിരുന്ന ചിക്കാഗോയിലെ ക്നാനായ കാത്തലിക് മിഷന്റെ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് തൊടുകയിലിനെയും ഞാൻ പ്രത്യേകം സ്മരിക്കുന്നു.

ചിക്കാഗോയിലും ഡാളസിലും രണ്ട് ഇടവകകളും അഞ്ച് സീറോ മലബാർ മിഷനുകളും നാല് ക്നാനായ കത്തോലിക്കാ മിഷനുകളുമായി വളരെ എളിയ നിലയിലായിരുന്നു തുടക്കം. എവിടെ തുടങ്ങണമെന്നതായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ഉത്കണ്ഠ. ഒരു ചെറിയ കൂരിയ രൂപീകരിച്ചു; റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിൽ, വികാരി ജനറാൾ; റവ. ഫാ. എബ്രഹാം മുത്തോലത്ത് ജേക്കബ്, ക്നാനായ സമുദായത്തിൽ നിന്നുള്ള വികാരി; ജനറാൾ, റവ. ഫാ. ആന്റണി തുണ്ടത്തിൽ എംഎസ്ടി, പ്രൊക്യുറേറ്റർ ആൻഡ് കത്തീഡ്രൽ വികാരി; റവ. ഫാ. സഖറിയാസ് തോട്ടുവേലിൽ, ബിഷപ്പിന്റെ സെക്രട്ടറിയും ചാൻസലറും. സാമ്പത്തിക സ്രോതസ് കണ്ടെത്താൻ ഏറെ ബുദ്ധിമുട്ടേണ്ടിവന്നു. വിവിധ നഗരങ്ങളിൽ വല്ലപ്പോഴും സീറോ മലബാർ കുർബാന ആഘോഷിക്കുന്ന വൈദികരെ ബന്ധപ്പെടുകയും അത്തരം ചെറുസംഘങ്ങളെ സീറോ മലബാർ മിഷനുകളായി നിയോഗിക്കുകയും ചെയ്തു.

ഏറെ വൈകാതെ  2001 സെപ്റ്റംബർ മുതൽ എനിക്കു തലകറങ്ങുകയും ഇടയ്ക്കിടെ വീഴുകയും ചെയ്യുന്ന അസുഖത്തിന് ഇരയായി. കുറച്ചു വർഷത്തേക്ക് എല്ലാത്തരം വൈദ്യപരിശോധനകൾക്കും ചികിത്സകൾക്കും വിധേയനാകേണ്ടിവന്നു. ഒടുവിൽ 2006ൽ ചിക്കാഗോയിൽ നടത്തിയ ന്യൂറോ സർജറിക്കുശേഷമാണ് രോഗം നിയന്ത്രണവിധേയമായത്. എനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാവരോടും ഞാൻ നന്ദിയുള്ളവനായിരിക്കും. ഞാൻ എന്തായിരിക്കുന്നോ അത് ദൈവകൃപയാലാണ്, അതിന് ദൈവത്തിനു നന്ദി. ദൈവത്തിനു സ്തുതി!

ഈ രൂപതയിൽ സേവനമനുഷ്ഠിക്കാൻ അവരുടെ വൈദികരെ അയച്ചു തന്ന കേരളത്തിലെ എല്ലാ ആർച്ച് ബിഷപ്പുമാരോടും ബിഷപ്പുമാരോടും ഞാൻ നന്ദിയുള്ളവനായിരിക്കും. എന്നെ സഹായിക്കാൻ അവരുടെ വൈദികരെ അയച്ച എല്ലാ സന്യാസസമൂഹങ്ങളിലെയും (Religious Congregations) പ്രൊവിൻഷ്യാൾ സുപ്പീരിയർമാരോടു ഞാൻ വളരെയധികം കടപ്പെട്ടിരിക്കുന്നു. ചുമതലകൾ നല്കാൻ സ്കൂളുകളോ ആശുപത്രികളോ ഇല്ലാതിരുന്നതുകൊണ്ട് സിസ്റ്റർമാരെ സ്പോൺസർ ചെയ്യാൻ എനിക്കു കഴിഞ്ഞിരുന്നില്ല. ഒടുവിൽ, മൂന്നു സന്യാസ സമൂഹങ്ങളിലേക്കു മാത്രം സിസ്റ്റർമാർക്ക് സ്പോൺസർഷിപ്പ് നല്കി.

നമ്മുടെ രൂപതയുടെ വളർച്ചയ്ക്കുള്ള എല്ലാ ബഹുമതിയും ഈ വൈദികരുടെ കഠിനാധ്വാനത്തിനും സിസ്റ്റർമാരുടെ തീക്ഷ്ണമായ പ്രാർത്ഥനയ്ക്കും സമുദായാംഗങ്ങളിൽ നിന്നുള്ള നിർലോഭ സഹകരണത്തിനും സമർപ്പിക്കുന്നു. കൂരിയ അംഗങ്ങൾ, ഇടവക വികാരിമാർ, വിവിധ മിഷനുകളുടെ ഡയറക്ടർമാർ തുടങ്ങി എല്ലാവരും പ്രത്യേക പ്രശംസയും നന്ദിയും അർഹിക്കുന്നു. ലഭ്യമായ സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട സിസ്റ്റർമാരുടെ സേവനം വളരെയധികം വിലമതിക്കപ്പെടേണ്ടതാണ്.

സഭയെ സഹായിക്കാനുള്ള ദൈവവിളി അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾ ഔദാര്യപൂർവ്വം സ്വീകരിച്ചു: സഭയോടുള്ള അവരുടെ തീക്ഷ്ണത, സഭയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള അവരുടെ സന്നദ്ധത, സഭയ്ക്ക് ഉദാരമായി സംഭാവന നല്കാനുള്ള നല്ല മനസ്, വിശ്വാസ രൂപീകരണ പരിപാടികളോടു സഹകരിക്കാനുള്ള അവരുടെ ത്യാഗമനോഭാവം, നമ്മുടെ കുടുംബത്തിൽ നിന്ന് പൗരോഹിത്യപരവും മതപരവുമായ ദൈവവേലകൾ ചെയ്യാനുള്ള സന്നദ്ധത–എന്നിവ അവർ പ്രതിബദ്ധത കാട്ടിയ ചില മേഖലകൾ മാത്രമാണ്. നമ്മുടെ രൂപതകളിലും മിഷനുകളിലും സന്നദ്ധ സേവനം നല്കുന്നതിന് ബഹുമാന്യരായ എല്ലാ വിശ്വാസികളും സദാ ഒരുക്കമായിരുന്നു. അവരുടെ തളരാത്ത ഊർജ്ജസ്വലത പ്രശംസയും അംഗീകാരവും അർഹിക്കുന്നു. പ്രിയ ബഹുമാനപ്പെട്ട വൈ

ദികർ, ബഹുമാനപ്പെട്ട സന്യാസിനികൾ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാർ എന്നിവരെ എന്റെ എളിയ പ്രാർത്ഥനയും ഹൃദയംഗമമായ നന്ദിയും അറിയിക്കുന്നു: ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്റെ പ്രിയപ്പെട്ട കുട്ടികളെ, യുവജനങ്ങളെ, ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു. നിങ്ങൾ ഭാവി സഭ മാത്രമല്ല, നിങ്ങളാണ് സഭ. കുട്ടികളുള്ളപ്പോൾ മാത്രമാണ് സഭ എല്ലായിടത്തും പൂർണ്ണമാകുന്നത്. മതബോധനപഠനം ഉണ്ടെങ്കിലും ഇല്ലെങ്കിലും നമുക്ക് പള്ളിയിൽ പോകുന്നതിൽ ശ്രദ്ധവയ്ക്കാം. പന്ത്രണ്ടാം ഗ്രേഡിൽ മതബോധന പഠനം പൂർത്തിയാകുന്നതോടെ പള്ളിയിൽ പോകുന്ന ചുമതല ഒഴിവായെന്നു ചിന്തിക്കരുത്. രക്ഷകർത്താക്കളേ, ദയവായി എല്ലാ ഞായറാഴ്ചയും വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു, അങ്ങനെ നമ്മുടെ കോളജ് വിദ്യാർത്ഥികളെയും യുവാക്കളെയും നമ്മുടെ പള്ളിയിൽ എത്തുന്നതിനു സഹായിക്കാം. കുട്ടികളെ, നിങ്ങൾ നമ്മുടെ കുടുംബത്തിലെ പൂക്കളാണ്: മനോഹരവർണങ്ങളിൽ വിരിഞ്ഞുനില്ക്കുന്ന പൂക്കൾ. നിങ്ങളുടെ അച്ചടക്കത്തിലും പ്രാർത്ഥനാജീവിതത്തിലും കർത്താവ് അഭിമാനിക്കട്ടെ.

നമ്മളുടെ സംഘടനകളും അസോസിയേഷനുകളുമായ; സീറോ-മലബാർ കത്തോലിക്കാ കോൺഗ്രസ്, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, രൂപത യൂത്ത് അപ്പോസ്തലേറ്റ് സീറോ-മലബാർ യൂത്ത് മൂവ്മെന്റ് ജീസസ് യൂത്ത്, ലിറ്റിൽ ഫ്ളവർ മിഷൻ ലീഗ്, മദേഴ്സ് അസോസിയേഷൻ ലേഡീസ് ഫോറം, പ്രോലൈഫ് മൂവ്മെന്റ്, പ്രീ കാനാ ട്രെയിനിംഗ്, നഴ്സസ് മിനിസ്ട്രി, പിതൃവേദി, സീനിയേഴ്സ് ഫോറം, ഓഫീസ് ഓഫ് വൊക്കേഷൻ ആൻഡ് ഫോർമേഷൻ, ഓഫീസ് ഓഫ് ദ പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ആൻഡ് യൂത്ത്.... ഇവയെല്ലാം പ്രത്യേക പരാമർശമർഹിക്കുന്നു. നമ്മുടെ വികാരി ജനറാൾമാരായിരുന്ന ഡോ. ജോർജ് മഠത്തിപ്പറമ്പിൽ, ഫാ. ഏബ്രഹാം മുത്തോലത്ത്, ഡോ. ആന്റണി തുണ്ടത്തിൽ എംഎസ്ടി, ഡോ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ, ബിഷപ്പ് ജോയി ആലപ്പാട്ട്, ഫാ. തോമസ് മുളവനാൽ, ഫാ. തോമസ് കുടകപ്പിള്ളിൽ എന്നിവർക്കും പ്രത്യേക നന്ദിയും അഭിനന്ദനവും സമർപ്പിക്കുന്നു. കൂടാതെ, രൂപത പ്രോക്യുറേറ്റർമാർ, രൂപത ചാൻസലർമാർ, പാസ്റ്ററൽ ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടർമാർ, രൂപത കൺസൾട്ടേഴ്സ് (Consultors), ഫൊറോനാ വികാരിമാർ, ഫിനാൻസ് കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരും അംഗങ്ങളും, സണ്ടേ സ്കൂൾ പ്രിൻസിപ്പൽമാർ, കാറ്റക്കിസ്റ്റ്സ്, ഇടവക കൈക്കാരന്മാർ, ഇടവക കൗൺസിൽ അംഗങ്ങൾ, Safe environment coordinators, ഇടവകകളിലെയും മിഷനുകളിലെയും എല്ലാ പ്രവർത്തനങ്ങളിലും സന്നദ്ധപ്രവർത്തകരായിരുന്നവർ, എല്ലായിടത്തുമുള്ള കുടുംബാംഗങ്ങൾ തുടങ്ങി എല്ലാവരോടും ഞാൻ നന്ദിയുള്ളവനായിരിക്കും.

ഇരുപത്തൊന്നുവർഷം പിന്നിട്ട് ഇപ്പോൾ നാം എവിടെ എത്തി എന്നറിയുന്നത് ഉചിതമായിരിക്കും. രാജ്യത്താകമാനമായി 50 ഇടവകകളും 34 മിഷനുകളും നമുക്കുണ്ട്. നമ്മുടെ രൂപതയിൽ 68 വൈദികർ സേവനമനുഷ്ഠിക്കുന്നു. ആറ് യുവ വൈദികർ ഇവിടെ അഭിഷിക്തരായി. 9500 സണ്ടേ സ്കൂൾ വിദ്യാർത്ഥികളും 2450 മതബോധന പരിശീലകർ 85000 വിശ്വാസികളും നമ്മുടെ രൂപതയിലുണ്ട്. നമ്മുടെ കത്തീഡ്രൽ പള്ളി, ബിഷപ്സ് ഹൗസ്, ഓഫീസ് കെട്ടിടം, പുതുതായി പണിത അനക്സ് എന്നിവ നമ്മുടെ രൂപതയുടെ വളർച്ചയിലെ മുതല്ക്കൂട്ടാണ്. രൂപതയുടെ വളർച്ചയ്ക്കായി നമ്മൾ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. ഒരു രൂപതാ കൂട്ടായ്മയായി നാം ഏറെ വളർന്നു.

ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 2001ൽ കാനഡയിലെ സീറോ മലബാർ വിശ്വാസികളുടെ അപ്പസ്തോലിക് വിസിറ്റേറ്ററായി എന്നെ നിയമിച്ചിരുന്നു. എന്റെ കാലത്ത് Toronto/Mississauga എന്നിവിടങ്ങളിൽ രണ്ട് ഇടവകകളും കുറച്ചു മിഷനുകളും ആരംഭിച്ചു. 2015 ൽ എക്സാർക്കേറ്റ് രൂപീകരിക്കുകയും ഫാ. ജോസ് കല്ലുവേലിൽ ബിഷപ്പായി അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു; എക്സാർക്കേറ്റിലേക്കും പിന്നീട് രൂപതയിലേക്കും നാമനിർദ്ദേശം ചെയ്യപ്പെട്ട സിറ്റിയുടെ പേര് Mississauga യാണ്. 2019ൽ അത് രൂപതയായി ഉയർത്തപ്പെട്ടു. ഇപ്പോൾ മാർ ജോസ് കല്ലുവേലിലിന്റെ നേതൃത്വത്തിൽ കാനഡയിലെ സീറോ മലബാർ സഭ വളർച്ചപ്രാപിക്കുകയാണ്.

യുഎസ്എയിൽ ഇപ്പോൾ Eucharistic Renewal നടക്കുന്ന സമയമാണല്ലോ. വിശുദ്ധ കുർബാനയിലെ ഈശോയെ അനുഭവിച്ച് നമുക്കും വളരാം; വിശുദ്ധ കുർബാനയും മറ്റ് ആരാധനക്രമങ്ങളുടെ ആചരണങ്ങളും ആഘോഷങ്ങളും നമ്മുടെ പ്രാഥമിക ആരാധനാമാർഗമായതിനാൽ ആരാധനക്രമ മതബോധനത്തെ (Liturgical Catechesis) ആത്മാർത്ഥമായി പ്രോത്സാഹിപ്പിക്കണം. വിശുദ്ധ കുർബാനയിൽകേന്ദ്രീകൃതമായ ഇടവകകളും മിഷനുകളും രൂപീകരിക്കാനാണ് ഞാൻ ഏറെ പരിശ്രമിച്ചത്. ഇതായിരുന്നു നമ്മുടെ രൂപതയുടെ ഐക്യത്തിന്റെയും വളർച്ചയുടെയും അടിസ്ഥാനവും.

ജീവിക്കുന്നവനായ ഈശോയെ പങ്കുവയ്ക്കുന്ന മഹത്തായ ഗ്രന്ഥമാണ് ബൈബിൾ. ഈശോ നമ്മോട് സംസാരിക്കുന്നതും ബൈബിളിലൂടെയാണ്. വിശുദ്ധ കുർബാനയിലൂടെ അവൻ നമ്മെ പോഷിപ്പിക്കുന്നു. കൂദാശകളിലൂടെ അവൻ നമ്മെ ശക്തിപ്പെടുത്തുന്നു.

യേശു നമുക്കു തന്ന ഒരേയൊരു കല്പന: “ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ” (യോഹ. 3:34) എന്നതാണ്. ഈ സ്നേഹമനോഭാവം നമ്മുടെ സഭയെ പണിതുയർത്തുകയും കുടുംബജീവിതത്തിലും വിശ്വാസജീവിതത്തിലും പൗരോഹിത്യജീവിതത്തിലും ഫലം പുറപ്പെടുവിക്കുകയും ചെയ്യും.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ, പൗരസ്ത്യ തിരുസംഘത്തിന്റെ തലവനും പ്രിഫെക്ടുമായ കർദ്ദിനാൾ ലിയോണാർഡോ സാന്ദ്രി, സീറോ മലബാർ സഭയുടെ പിതാവും തലവനുമായ അഭിവന്ദ്യ മാർ ജോർജ് കർദ്ദിനാൾ ആലഞ്ചേരി, അമേരിക്കൻ മെത്രാൻസംഘം, മാർ ജോയി ആലപ്പാട്ട്, സഹായ മെത്രാൻ എന്നിവരോടെല്ലാം ഞാൻ പ്രത്യേകം നന്ദിപറയുന്നു.

നിങ്ങൾ എല്ലാവർക്കും അറിയാവുന്നതുപോലെ 2022 ഒക്ടോബർ ഒന്നിന് മാർ ജോയി ആലപ്പാട്ട് നമ്മുടെ രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി സ്ഥാനമേല്ക്കുകയാണ്. എല്ലാ അർത്ഥത്തിലും നമുക്ക് അദ്ദേഹത്തെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യാം. അദ്ദേഹം നമ്മുടെ രൂപതയുടെ പിതാവും തലവനും ആകുന്നതോടെ നമുക്ക് അദ്ദേഹത്തെ നമ്മുടെ എല്ലാ ആരാധനാക്രമങ്ങളിലും; വിശുദ്ധ കുർബാന, യാമപ്രാർത്ഥനകൾ എന്നിവയിലും ഓർത്ത് പ്രാർത്ഥിക്കാം. ഞാൻ ബിഷപ്പ് എമിരറ്റസ് ആകുന്നതോടെ ദിവസവുമുള്ള നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർക്കണമെ.

രൂപതാശുശ്രൂഷയിൽ നിന്നും ഞാൻ വിരമിക്കുകയാണല്ലോ, ആരെങ്കിലുമായും ഏതെങ്കിലും തരത്തിലുള്ള ബന്ധത്തിലോ ഇടപെടലുകളിലോ അനിഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ദയവായി ക്ഷമിക്കുകയും പ്രാർത്ഥനയിൽ എന്നെ ഓർക്കുകയും ചെയ്യുക, എന്റെ പ്രാർത്ഥനയിൽ നിങ്ങൾ എല്ലാവരും എന്നുമുണ്ടായിരിക്കും.

പ്രിയമുള്ളവരെ, ഒരിക്കൽ കൂടി നന്ദിയും പ്രാർത്ഥനാശംസകളും നിങ്ങൾക്കെല്ലാവർക്കും ഞാൻ സ്നേഹപൂർവ്വം നേരുന്നു. പരിശുദ്ധ അമ്മയുടെയും, വിശുദ്ധ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടേയും സീറോ മലബാർ സഭയിലെ സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രത്യേക മധ്യസ്ഥത നമ്മോടൊപ്പമെന്നുമുണ്ടായിരിക്കട്ടെ.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സാമീപ്യവും നാം എല്ലാവരോടും കൂടെ എന്നും ഉണ്ടായിരിക്കട്ടെ. ആമേൻ

സ്നേഹപൂർവ്വം

+ Jacob J Angadiath

ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO ★ CHANCERY OFFICE ★

മാർ ജേക്കബ് അങ്ങാടിയത്ത്
ബിഷപ്പ്

September 22, 2022